കണികാണുന്നേരം കമലനേത്രന്റെ
നിറമേറും  മഞ്ഞ തുകിൽ ചാർത്തി
കനക കിങ്ങിണി വളകൾ മോതിരം
അണിഞ്ഞുകാണേണം ഭഗവാനേ

മലർമാതിൻ കാന്തൻ വസുദേവാത്മജൻ
പുലർകാലെ പാടി കുഴൽ ഊതി
കിലുകിലീരെന്നു കിലുങ്ങും കാഞ്ചന-
ച്ചിലമ്പിട്ടോടി വാ കണികാണ്മാൻ

ശിശുക്കളായുള്ള സഖിമാരും താനും
പശുക്കളെ മേച്ചു നടക്കുമ്പോൾ
വിശക്കുമ്പോൾ വെണ്ണ കവർന്നുണ്ണും കൃഷ്ണൻ
അടുത്തുവാ ഉണ്ണി കണികാണ്മാൻ

ഗൊപസ്ത്രീകടെ തുകിലും വാരിക്കൊണ്ട-
രയാലിൻ കൊമ്പത്തിരുന്നോരോ
ശീലക്കേടുകൾ പറഞ്ഞും ഭാവിച്ചും
നീലക്കാർവർണ്ണാ കണികാണ്മാൻ

എതിരെ ഗോവിന്ദൻ അരികെ വന്നോരോ
പുതമയായുള്ള വചനങ്ങൾ
മധുരമാം വണ്ണം പറഞ്ഞു കാണേണം
ചിലമ്പിട്ടോടി വാ കണികാണ്മാൻ